**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2972** **03-08-2021 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ സർക്കാർ കോളേജിലെ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ സർക്കാർ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിച്ച സ്റ്റേഡിയത്തിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; | (എ) | 27.05.2017 ലെ സർക്കാർ ഉത്തരവ് നം.99/2017/ കായുവ പ്രകാരം കിഫ്ബിയുടെ ധനസഹായത്തോടെയുള്ള പദ്ധതികൾ ഗവൺമെൻറ് അംഗീകൃത ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അമ്പലപ്പുഴ സർക്കാർ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണ ചുമതലയും ഈ ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്ടിന് അഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | അമ്പലപ്പുഴ സർക്കാർ കോളേജിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന്റെ ഡി പി ആർ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സ്ഥല ഉടമകൾ കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്, പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ താമസിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | അമ്പലപ്പുഴ സർക്കാർ കോളേജിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന്റെ ഡി പി ആർ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സ്ഥല ഉടമകൾ കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്, പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇത് പരിഹരിച്ച് സ്റ്റേഡിയം നിർമ്മാണം യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടി | (ഡി) | അമ്പലപ്പുഴ സർക്കാർ കോളേജിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന്റെ ഡി പി ആർ |

| | | | |
|---|---|---|---|
| | സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | | അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സ്ഥല ഉടമകൾ കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്, പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**കേരള സർക്കാർ**

സംഗ്രഹം

കായിക യുവജനകാര്യ വകുപ്പ്- കായികവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കിഫ്ബിയുടെ നിയന്ത്രണത്തിലുള്ള കിറ്റ്കോയെ എസ്സ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**കായിക യുവജനകാര്യ (എ) വകുപ്പ്**

സ.ഉ (സാധാ) നം.99/2017/കാ.യു.വ തീയതി , തിരുവനന്തപുരം , 27.05.2017

=================================================================

പരാമർശം:- 1. 07.08.2015 ലെ സ.ഉ. (പി) നം. 339/15/ധനകാര്യം
2. കായിക യുവജനകാര്യ ഡയറക്ടറുടെ 20.01.2017 ലെ ഇ 5-2197/16, 05.05.2017 ലെ എ 2-781/17 എന്നീ നമ്പർ കത്തുകൾ
3. കായിക യുവജന ഡയറക്ടറുടെ 05.05.2017 ലെ എ 2-781/17 നമ്പർ കത്ത്

**ഉത്തരവ്**

കിഫ്ബിയിൽ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് കായിക യുവജനകാര്യ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 30.12.2016-ൽ നടന്ന അവലോകന യോഗത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപെടുത്തുകയും തുടർന്ന് താല്പര്യം പ്രകടിപ്പിക്കുന്ന കമ്പനികളിൽ നിന്ന് എസ്സ്.പി.വി.ആയി തെരഞ്ഞെടുക്കാൻ ഒരു മാനദണ്ഡം നിശ്ചയിക്കാനും ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് കിറ്റ്കോയെ എസ്സ്.പി.വി. ആയി തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഡയറക്ടർ സൂചന 3 (പ്രകാരം) ശുപാർശ സമർപ്പിക്കുകയും ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ നിയന്ത്രണത്തിൽ കായിക വകുപ്പുമായി ബന്ധപ്പെട്ട ജോലികൾ ഏറ്റെടുക്കാൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ വികസന മേഖലയിൽ മികവ് തെളിയിച്ചിട്ടുള്ള കേരള ഇൻഡസ്ട്രിയൽ & ടെക്നിക്കൽ കൺസൾട്ടൺസി ഓർഗനൈസേഷൻ ലിമിറ്റഡ് (കിറ്റ്കോ)നെ എസ്സ്.പി.വി. ആയി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
എസ്.മഞ്ജു,
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കായിക യുവജനകാര്യം, തിരുവനന്തപുരം
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കിറ്റ്കോ ലിമിറ്റഡ്, ഫെമിത്ത്സ്, പി.ബി.നം.4407, പുതിയ റോഡ്, എൻ.എച്ച്.ബൈപാസ്, വെണ്ണല, കൊച്ചി-682028

...2

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

S.O